3. യൂത്ത് ഹോസ്റ്റലുകൾക്ക് അറ്റകുറ്റപ്പണികൾക്കായുള്ള ധന സഹായം.

4. യൂത്ത് ക്ലബ്ബുകൾക്ക് സ്വയംതൊഴിൽ പരിശീലന പദ്ധതികൾക്കായി ധനസഹായം.

5. യൂത്ത് ക്ലബ്ബുകളുടെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് ധനസഹായം.

6. നാടൻ കലകളിൽ പരിശീലനം.

7. സാമൂഹ്യതിൻമകൾക്കെതിരെ (എച്ച്. ഐ. വി., എയ്ഡ്സ് തുടങ്ങിയവ) ബോധവൽക്കരണം.

8. പരിസ്ഥിതി സംരക്ഷണ ബോധവൽക്കരണ ക്യാമ്പുകൾ.

9. യുവജന നേതൃത്വ പരിശീലന ക്യാമ്പുകൾ.

10. നൂതന സാങ്കേതിക വിദ്യകളിൽ തൊഴിൽ പരിശീലനം.

11. ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ.

12. കേരള സ്റ്റേറ്റ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷനുമായി ചേർന്ന് ബോട്ട് ക്ലബ് പരിശീലനം.

13. ദേശീയോദ്ഗ്രഥന ക്യാമ്പുകൾ.

14. യുവജനങ്ങൾക്കായുള്ള എക്സിബിഷൻ.

15. സാഹസിക പരിപാടികൾ.

16. യുവജന അവാർഡ് നൽകൽ.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യുവജനങ്ങൾക്കായി 6,94,01,549 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) യുവജനക്ഷേമ പദ്ധതികൾക്കായി ചെലവാക്കിയ തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

കേരള കലാമണ്ഡലത്തെ സാംസ്കാരിക സർവ്വകലാശാലയാക്കാൻ നടപടി

6 [2295] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക–പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള കലാമണ്ഡലം കാര്യക്ഷമമാക്കുവാനും മെച്ചപ്പെടുത്തുവാനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇവിടെ നിലവിലുള്ള കോഴ്സുകൾ ഏതെല്ലാമാണ്;

(സി) കൂടുതൽ കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) ഈ സാംസ്കാരിക സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്കായി കേന്ദ്രസഹായം ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ പറയാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കൂടുതൽ കേന്ദ്ര സഹായം ലഭ്യമാക്കിയും സംസ്ഥാന സർക്കാർ കൂടുതൽ തുക അനുവദിച്ചും ഈ സ്ഥാപനത്തെ ഒരു സാംസ്കാരിക സർവ്വകലാശാലയായി ഉയർത്തുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ബി. എ. (ബാച്ചിലർ ഇൻ പെർഫോമിംഗ് ആർട്സ്) പരിക്ഷ കൂടാതെ ഡോ. ശങ്കരാചാര്യ യൂണിവേഴ്സിറ്റിയുടെ അഫിലിയേഷനോടുകൂടി നടത്തുന്നതും പുന: വർഗ്ഗീകരിച്ച ഡിഗ്രി സർട്ടിഫിക്കറ്റ് വിതരണം ചെയ്തുകൊണ്ടിരുന്നതും ചെയ്തു. കലാമണ്ഡലം ആർട്ട് ഹൈസ്ക്കൂൾ എയ്ഡഡ് ആക്കി ഉയർത്താനുള്ള ശ്രമങ്ങൾ ആരംഭിച്ചു. കലാസാംസ്കാരം എന്ന പേരിൽ പുതിയൊരു കൈപ്പുസ്തകം തുടങ്ങിയിട്ടുണ്ട്. കലാരംഗത്ത് പ്രവർത്തിക്കുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനും കലാമണ്ഡലത്തിലെ വിദ്യാർത്ഥികളുടെ വളർച്ചയ്ക്കുവേണ്ടി നിരവധി സെമിനാറുകളും സംഗീതികം എന്ന പേരിൽ കലാസാംസ്കാരിക പരിപാടികളും നടത്തിവരുന്നു. യുനെസ്കോയുടെ സാമ്പത്തിക സഹായത്തോടുകൂടി കൂടിയാട്ടത്തിന്റെ പ്രചാരണം ലക്ഷ്യമാക്കി കൂടിയാട്ട മഹോത്സവങ്ങൾ, വർക്ക് ഷോപ്പുകൾ എന്നിവ നടത്തി. കൂത്തമ്പലം റിപ്പയർ, വെയിറ്റിങ്ങ് ഷെഡ് എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കി. പെൺകുട്ടികൾക്കുവേണ്ടി ഹോസ്റ്റൽ നിർമ്മാണത്തിന് തറക്കല്ലിട്ടു. കൊച്ചുറ്റ് ടൂറിസം പദ്ധതി നടപ്പാക്കി. 'എ ഡേ വിത്ത് ദി മാസ്റ്റേഴ്സ്' എന്ന പദ്ധതി തുടങ്ങി.

(ബി) എ. എച്ച്. എസ്. എസ്. സി., ഹയർ സെക്കണ്ടറി, ഡിഗ്രി (ബി. പി. എ.) ഡിപ്ലോമ കോഴ്സുകൾ നിലവിലുണ്ട്.

(സി) ഉണ്ട്.

(ഡി) കേന്ദ്ര സഹായം ലഭിച്ചിട്ടില്ല.

(ഇ) സർവ്വകലാശാലയാക്കുന്ന കാര്യം പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ സാംസ്കാരിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

ആധുനിക കേരളത്തിന്റെ സമഗ്രമായ സാംസ്കാരിക ചരിത്രം തയ്യാറാക്കി പ്രസിദ്ധീകരിക്കാൻ നടപടി

7 [22^06] ഡോ. എ: നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യത്തിന് പിന്നാക്കക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

തിരുവിതാംകൂർ, കൊച്ചി എന്നീ പഴയ നാട്ടുരാജ്യങ്ങളും ബ്രിട്ടിഷ് ഇൻഡ്യയുടെ ഭാഗമായിരുന്ന പഴയ മലബാറും ഒരുമിച്ച് ചേർന്ന് രൂപവൽക്കരിക്കപ്പെട്ട ആധുനിക കേരളത്തിന്റെ സമഗ്രമായ സാംസ്കാരിക ചരിത്രം തയ്യാറാക്കി പ്രസിദ്ധീകരിക്കാൻ സാംസ്കാരിക വകുപ്പ് നടപടി സ്വീകരിക്കുമോ?

ഉത്തരം

കൊച്ചുറ്റ് ഹിസ്റ്ററി ഓഫ് കേരള (വോള്യം–I) എന്ന പേരിൽ ഒരു പുസ്തകം 1999–ൽ സാംസ്ക്കാരിക പ്രസിദ്ധീകരണ വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആധുനിക കേരളത്തിന്റെ സമഗ്രമായ സാംസ്ക്കാരിക ചരിത്രം തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly